**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1767** **09-12-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് പുരാരേഖ ലൈബ്രറിയിലെ സെറ്റിൽമെൻറ് രജിസ്റ്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ (തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | 1900-05 കാലഘട്ടത്തിലെ വിവിധ ദേശങ്ങൾ സംബന്ധിച്ച് ബ്രിട്ടീഷ് കാലഘട്ടത്തിൽ തയ്യാറാക്കിയ സെറ്റിൽമെൻറ് രജിസ്റ്ററുകൾ കോഴിക്കോട് പുരാരേഖാ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (എ) | സംസ്ഥാന പുരാരേഖാ വകുപ്പിന്റെ കോഴിക്കോട് മേഖല ഓഫീസിൽ 1900-05 കാലഘട്ടത്തിൽ തയ്യാറാക്കിയ വിവിധ ദേശങ്ങൾ സംബന്ധിച്ചുള്ള സെറ്റിൽ മെന്റ് രജിസ്റ്ററുകളും ഫീൽഡ് മെഷർമെന്റ് ബുക്കുകളും ഇൻഡക്സ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സെറ്റിൽമെൻറ് രജിസ്റ്ററിൽ നാല്പത്തിഏഴാമതായി പ്രതിപാദിച്ചിട്ടുള്ള അട്ടപ്പാടി ദേശം സംബന്ധിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത രജിസ്റ്ററുകളിൽ 47-ാം നമ്പറായി ഫീൽഡ് മെഷർമെന്റ് ബുക്കുകൾ മാത്രമാണ് പുരാരേഖ വകുപ്പിന്റെ ശേഖരത്തിലുള്ളത്. |
| (സി) | കോഴിക്കോട് പുരാരേഖാ ലൈബ്രറിയിലെ പുരാരേഖകൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | കോഴിക്കോട് റീജിയണൽ ഓഫീസിലെ വിവിധ സെറ്റിൽമെന്റ് രജിസ്റ്ററുകൾ, FMB രേഖകൾ എന്നിവ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. |
| (ഡി) | ഇവിടെ സൂക്ഷിച്ചിട്ടുള്ള രേഖകൾ പ്രകാരം 1947-ന് മുമ്പ് മലബാറിൽ എത്ര ബ്രിട്ടീഷ് തോട്ടങ്ങളാണ് ഉണ്ടായിരുന്നത്; ഇതിൽ എത്രയെണ്ണമാണ് ബ്രിട്ടീഷുകാർ നേരിട്ട് കൈവശം വെച്ചിരുന്നത്; വ്യക്തമാക്കുമോ? | (ഡി) | തോട്ടങ്ങൾ സംബന്ധിച്ച രേഖകൾ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ